# ഈ കാമ്പയിനിലെ ചോദ്യങ്ങൾ

സന്ദർശിക്കുക
- പരീക്ഷ എഴുതാൻ
- യൂട്യൂബ് ലിങ്ക്
- ഫേസ്ബുക്ക് ലിങ്ക്
- ebook ലിങ്ക്

**1) താഴെ നൽകിയവയിൽ ശരിയായ ജോഡി ഏത് ?**

- a. സാബീകൾ- അഗ്നി ആരാധകർ
- b. ജൂതന്മാർ - മൂസാ(അ)യുടെ മതാവലംബികളെന്നപേരിൽ അവശേഷിച്ചവർ
- c. മജൂസികൾ - സൂര്യചന്ദ്രനക്ഷത്രാദികളെ ദേവിദേവന്മാരാക്കി ആരാധിക്കുന്നവർ
- d. എല്ലാം ശരിയാണ്

**2) സൂറത്തുൽ ഹജ്ജിലെ ഓത്തിന്റെ സുജൂദ് (سجود التلاوة) ചെയേണ്ടതായ ആയത്തുകൾ ഏതെല്ലാം ?**

- a. 17, 18
- b. 17, 77
- c. 18, 77
- d. 18, 58

**3) തീരെ സുജൂദ് ചെയ്യാത്തവരും കാപട്യത്തോടും ശിർക്കോടുംകൂടി സുജൂദ് ചെയ്യുന്നവരെയും കുറിച്ചാണ്............................................... എന്ന് പറഞ്ഞിട്ടുള്ളത്**

- a. يَسْجُدُ لَهُ (അവനു സുജൂദു ചെയ്യുന്നു)
- b. ٱلدَّوَآبُّ (ജീവജാലങ്ങൾ)
- c. كَثِيرٌ مِّنَ ٱلنَّاسِ (മനുഷ്യരിൽ വളരെ ആളുകൾ)
- d. وَكَثِيرٌ حَقَّ عَلَيْهِ ٱلْعَذَابُ (വളരെ ആളുകളാകട്ടെ അവരിൽ ശിക്ഷ സ്ഥിരപ്പെട്ടിരിക്കുന്നു)

**4) റബ്ബിന്റെ കാര്യത്തിൽ എതിർവാദം ചെയ്തുവന്ന 'രണ്ടുകൂട്ടർ' എന്നതുകൊണ്ട്, വാസ്തവത്തോടും ആയത്തിന്റെ വ്യാഖ്യാനത്തോടും കൂടുതൽ യോജിച്ചത് ......................ആണെന്നാണ് ഇബ്നുജരീർ പറഞ്ഞിട്ടുളള്ത്**

- [ ] **a.** വേദക്കാരും, മുസ്ലിംകളും
- [ ] **b.** ബദർയുദ്ധത്തിൽ ദ്വന്ദയുദ്ധം നടത്തിയവർ
- [ ] **c.** എല്ലാം തരക്കാരും അടങ്ങുന്ന അവിശ്വാസികളും, സത്യവിശ്വാസികളും
- [ ] **d.** സഹാബികൾ, മുശ്രിക്കുകൾ

**5) അവിശ്വസിച്ച കക്ഷികൾക്ക് നരകത്തിൽ ഉണ്ടാകുന്ന ശിക്ഷകളാണ് ..........................**

- [ ] **a.** അഗ്നിയുടെ വസ്ത്രങ്ങൾ
- [ ] **b.** ചുട്ടുതിളക്കുന്ന വെള്ളം
- [ ] **c.** ഇരുമ്പിന്റെ ദണ്ഡുകൾ
- [ ] **d.** എല്ലാം ശരിയാണ്

**6) വിശ്വസിച്ച കക്ഷികൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടാകുന്ന വസ്ത്രം --------------------- ആയിരിക്കും**

- [ ] **a.** ദഹബ് ذَهَبٍ
- [ ] **b.** ലുഉ ലുഉ لُؤْلُؤً
- [ ] **c.** ഹരീർ حَرِيرٌ
- [ ] **d.** നാർ نَّارٍ

**7) അല്ലാഹുവിന് ആരാധനാകർമ്മങ്ങൾ നടത്തുവാനായി ഭൂമിയിൽ ആദ്യം നിർമ്മിക്കപ്പെട്ട വിശുദ്ധദേവാലയമായമാണ് ............................................**

- [ ] **a.** കഅ്ബഃ
- [ ] **b.** മസ്ജിദുൽ അഖ്സ
- [ ] **c.** മസ്ജിദു ന്നബവി
- [ ] **d.** ഹറാം

**8) ആയത്ത് 26 ഇൽ .................................... കൂട്ടരെ പരാമർശിച്ചിട്ടില്ല**

- [ ] **a.** ٱلْعَٰكِفُينَ ഇഅതികാഫ് ചെയ്യുന്നവർ
- [ ] **b.** ٱلطَّآئِفِينَ ത്വവാഫ് ചെയ്യുന്നവർ
- [ ] **c.** ٱلْقَآئِمِينَ നിന്നുകൊണ്ട് ആരാധന നടത്തുന്നവർ
- [ ] **d.** ٱلرُّكَّعِ ٱلسُّجُودِ റുകൂഉ-സുജൂദിലായി ആരാധന നടത്തുന്നവർ

**9) 'വിളിച്ചുപ്രഖ്യാപിച്ചു കൊള്ളുക! വിളി എത്തിക്കുന്നത് എന്റെ ബാധ്യതയാണ്.' ഇത് ആര് ആരോട് പറഞ്ഞു ? എന്തിലേക്ക് വിളിക്കുന്നതാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് ?**

- [ ] **a.** അല്ലാഹു മുഹമ്മദ് നബി(സ)യോട്, ഹജ്ജുകർമ്മത്തിന് വന്നുകൊള്ളുവാൻ
- [ ] **b.** അല്ലാഹു ഇബ്രാഹീം നബി(അ)യോട്, ഹജ്ജുകർമ്മത്തിന് വന്നുകൊള്ളുവാൻ
- [ ] **c.** അല്ലാഹു മുഹമ്മദ് നബി(സ)യോട്, മസ്ജിദുൽ ഹറമിൽ നമസ്കരിക്കാൻ
- [ ] **d.** അല്ലാഹു ഇബ്രാഹീം നബി(അ)യോട്, മസ്ജിദുൽ ഹറമിൽ നമസ്കരിക്കാൻ

**10) മെലിഞ്ഞ വാഹനം , മെലിഞ്ഞ ഒട്ടകം എന്നൊക്കെ അർത്ഥം നൽകിയിട്ടുള്ളത് ഏത് പദത്തിനാണ് ?**

- [ ] **a.** ഫജ്ജ് فَجٍّ
- [ ] **b.** അമീഖ് عَمِيقٍ
- [ ] **c.** ളാമിർ ضَامِرٍ
- [ ] **d.** അൻആം ٱلْأَنْعَٰمِ

**11) വലിയപെരുന്നാൾ ദിവസത്തെയും അതിന്റെ അടുത്ത ദിവസങ്ങളെയും ഉദ്ദേശിച്ചാണ് .................................. എന്ന് പാഠഭാഗത്തെ ആയത്തിൽ പരാമർശിച്ചത്**

- ☐ a. എണ്ണപ്പെട്ട ദിവസങ്ങൾ أَيَّامٍ مَّعْدُودَاتٍ
- ☐ b. അറിയപ്പെട്ട ദിവസങ്ങൾ أَيَّامٍ مَّعْلُومَاتٍ
- ☐ c. മൂന്നു ദിവസം ثَلَاثَةَ أَيَّامٍ
- ☐ d. മറ്റൊരു ദിവസം أَيَّامٍ أُخَرَ

**12) ഹജ്ജിന്റെ കർമ്മങ്ങൾ താഴെ നൽകിയിട്ടുള്ളവയിൽ പാഠഭാഗത്തെ ആയത്തുകളിൽ അവസാനം വന്നിട്ടുള്ളത് ഏത് ?**

- ☐ a. അല്ലാഹുവിന് വേണ്ടി ബലിയറുക്കുക
- ☐ b. തങ്ങളുടെ അഴുക്ക് നീക്കം ചെയ്യുക
- ☐ c. നേർച്ചകൾ നിറവേറ്റുക
- ☐ d. കഅബയെ ത്വവാഫ് ചെയ്യുക

**13) പുരാതനാലയം അല്ലെങ്കിൽ വിമുക്തമായ ആലയം എന്നർത്ഥം വരുന്ന കഅ്ബഃയുടെ മറ്റൊരു പേര് എന്ത്?**

- ☐ a. ബൈത്തുള്ളാഹ്
- ☐ b. ബൈത്തുൽ അമീഖ്
- ☐ c. ബൈത്തുൽ അതീഖ്
- ☐ d. ബക്ക

**14) ആകാശത്തു നിന്ന് വീണ ഒരാളെ പറവകൾ റാഞ്ചിക്കൊണ്ടു പോകുകയോ, ദൂരപ്പെട്ട ഒരു സ്ഥലത്ത് കാറ്റ് കൊണ്ടുപോയിടുകയോ ചെയ്തതു പോലെ എന്ന് ഉപമിച്ചത് ആരെയാണ് ?**

- a. അല്ലാഹുവിന് വേണ്ടി നിഷ്കളങ്കമാനസരായിട്ടുള്ളവനെ
- b. അല്ലാഹുവിനോട് വല്ലതിനെയും പങ്കു ചേർക്കുന്നവനെ
- c. വിഗ്രഹങ്ങളുടെ അശുദ്ധിയെ വർജിച്ചവനെ
- d. വ്യാജവാക്കിൽ നിന്ന് അകന്നു നിന്നവനെ

**15) അല്ലാഹുവിനോട് ഒരാൾക്കുള്ള ഹൃദയംഗമായ ഭക്തിയുടെ ലക്ഷണമായിട്ട് എന്തിനെയാണ് ആയത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ?**

- a. അല്ലാഹുവിന്റെ മതചിഹ്നങ്ങളെ പൂജിക്കുന്നത്
- b. അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ബഹുമാനിക്കുന്നത്
- c. അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആരാധിക്കുന്നത്
- d. അല്ലാഹുവിന്റെ മതചിഹ്നങ്ങളെ അനുസരിക്കുന്നത്

---

ഇവിടെ ക്ലിക് ചെയ്താൽ നിങ്ങൾക്ക് പരീക്ഷ എഴുതാനുള്ള വെബ്സൈറ്റിൽ കയറി എക്സാം എഴുതാവുന്നതാണ്.

<u>ക്ലാസുകൾ ശ്രവിക്കാൻ സന്ദർശിക്കുക</u>

യൂട്യൂബ് ലിങ്ക്

ഫേസ്ബുക്ക് ലിങ്ക്

Ebook ലിങ്ക്